## മാവേലിക്കര ശാഖ

സാമ്പിക്കൽ (പഴയപുര)
ഉപശാഖ

കുടുംബ സ്ഥാപകനായ ഇടിച്ചാണ്ടിയുടെ പ്രഥമ പുത്രൻ ചെറിയാച്ച ൻ്റെ രണ്ടാമത്തെ മകൻ നൈനാൻ മാവേലിക്കര പഴയപുരയിൽ (സാമ്പി ക്കൽ) താമസിച്ചു. ഇദ്ദേഹമാണ് സാമ്പിക്കൽ ശാഖ സ്ഥാപിച്ചത്. പഴയപുരയിൽ നിന്നും സ്രാമ്പിക്കൽ താമസമാക്കിയ യവനാന് (നൈനാൻ). നൈനാൻ, വർഗീസ് എന്ന് രണ്ട് ആൺമക്കൾ.

നൈനാൻ: ഇദ്ദേഹം ആദ്യം ആലപ്പുഴ നിന്നും വിവാഹം ചെയ്തു. ഈ

വകയിൽ ഡബ്ല്യു എൻ. ചെറിയാൻ, ഡബ്ല്യു എൻ. ഉമ്മൻ എന്ന് രണ്ട് മക്കൾ. ഇവർ രണ്ട് പേരും ആദ്യകാലത്ത് ജോലിയായി കൊച്ചിയിൽ താമസ മാക്കിയിരുന്നു. കൊച്ചിയിൽ ഓർത്തഡോക്സ് സഭാംഗങ്ങളും പള്ളിയും വിരളമായിരുന്നതിനാൽ സി. എം. എസ്. പള്ളിയിൽ കൂടി വന്നിരുന്നു. ഇവർ കൊച്ചിയിൽ നിന്നും മടങ്ങിവന്നു പറമ്പിൽ തെക്കേതിൽ പുരയിടം വാങ്ങി വീടുവെച്ച് അവിടെ താമസമാക്കി. നാട്ടിൽ വന്ന ശേഷവും സി. എം. എസ്. സഭയിൽ തന്നെയാണ് കൂടി നടന്നിരുന്നതെങ്കിലും പിൽക്കാലത്ത് ചെറിയാ ച്ചനും മക്കളും മാർത്തോമ്മാ സഭയിൽ ചേർന്നു. ഉമ്മച്ചൻ സി. എം. എസിൽ തന്നെ തുടർന്നു.

ആദ്യ ഭാര്യയുടെ മരണശേഷം രണ്ടാമത് പുതിയകാവിൽ ആലിൻ തെക്കേതിൽ (ആനന്ദഭവനം) കൊച്ചുകുഞ്ഞിൻ്റെ സഹോദരിയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ മറിയാമ്മ, അന്നാമ്മ, ഏലിയാമ്മ, ഇടിച്ചാണ്ടി (ഡബ്ല്യു. എൻ. അലക്സാണ്ടർ) തിരുവന്തപുരം കുന്നുകുഴിയിൽ താമസം) എന്നിങ്ങനെ 4 മക്കൾ.

മറിയാമ്മയെ ചെങ്ങരൂർ വിവാഹം കഴിപ്പിച്ചയച്ചു.

അന്നാമ്മയെ മാവേലിക്കര നെടുനാഗപ്പിളിൽ എ. ജി. ജോൺ (BALT) വിവാഹം കഴിച്ചു.

ഏലിയാമ്മയെ ചെങ്ങന്നൂർ കൊട്ടാരത്തിൽ കെ. റ്റി. തോമസ് വക്കീൽ വിവാഹം ചെയ്തു.

ഡബ്ല്യു എൻ. ചെറിയാൻ: ഇദ്ദേഹം കോടുകുളഞ്ഞി കും പുഴവീട്ടിൽ നിന്നും വിവാഹം ചെയ്തു. ഇദ്ദേഹത്തിന് ഡബ്ല്യു. സി. തോമസ് (കൊച്ചി), ഡബ്ല്യു. സി. നൈനാൻ (ചെന്നിത്തല താമസം), ഡബ്ല്യു. സി. ചെറിയാൻ (കോട്ടയം ഒളശ്ശ താമസം) കുഞ്ഞമ്മ.